# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3015 18.06.2018-ൽ മറുപടിയ്ക്ക്**

## കുളത്തൂർ, കാരോട് പഞ്ചായത്തുകളിലെ നിർമ്മാണപ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.കെ. ആൻസലൻ

മറുപടി

ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കുളത്തൂർ, കാരോട് എന്നീ പഞ്ചായത്തുകളിൽ 2018-19 വർഷത്തിൽ തീരദേശമേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം എത്ര കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് പ്രൊപ്പോസൽ നൽകിയത്; അവ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

എ) സർക്കാരിന്റെ 2018-19 തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ കാരോട് പഞ്ചായത്തിലെ രണ്ട് റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1) കാരോട് പഞ്ചായത്തിലെ മേലെ വിളാകം കല്ലം പൊറ്റ നടപ്പാത
2) കാരോട് പഞ്ചായത്തിലെ പണ്ടാരവിള കിഴക്കേവിള ചാനൽ സൈഡ് വാൾ നടപ്പാത

ടി റോഡുകളുടെ ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കൂടാതെ സർക്കാരിന്റെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കാരോടിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 16 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ബി) കുളത്തൂർ-കാരോട് തീരദേശമേഖലയിൽ 2016-17, 2017-18 എന്നീ വർഷങ്ങളിൽ ടെണ്ടർ നടപടി പൂർത്തീകരിച്ച വർക്കുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; അതിൽ എത്ര നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദീകരിക്കാമോ?

ബി) കുളത്തൂർ, കാരോട് തീരദേശ മേഖലയിൽ 2016-17, 2017-18 വർഷങ്ങളിൽ തീരദേശ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 7 റോഡുകൾക്ക് 224.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഒരു പ്രവർത്തി പുരോഗമിച്ചു വരികയും ചെയ്യുന്നു. ശേഷിക്കുന്ന ഒരു പ്രവൃത്തിയ്ക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റോഡിന്റെ പേര് | ഭരണാനുമതി തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പൊഴിയൂർ പാലക്കടവ് കന്നുവിള വീരാളി റോഡ്, കുളത്തൂർ പഞ്ചായത്ത് | 62 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 2 | പൊഴിയൂർ പോലീസ് സ്റ്റേഷൻ -തെക്കേ പഴവഞ്ചാല റോഡ്- കുളത്തൂർ പഞ്ചായത്ത് | 20.10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | പൊഴിയൂർ ക്ഷേത്രനട-കല്ലി റോഡ്, കാരോട് പഞ്ചായത്ത് | 11.70 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | കുളങ്ങരകുഴി മറ്റവിളാകം ചെന്നിയോട് റോഡ് – കാരോട് പഞ്ചായത്ത് | 13.70 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | പൊഴിയൂർ പോലീസ് സ്റ്റേഷന് അടുത്തുള്ള കോളനികളുടെ മുഴുവൻ ഇന്റർലോക്കിംഗ് പ്രവൃത്തി, കുളത്തൂർ പഞ്ചായത്ത് | 65.00 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | കാരോട് പഞ്ചായത്ത് വാളാകുളം ഉവരവ് വിള റോഡ് | 18.40 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | കുളത്തൂർ പഞ്ചായത്ത് ബീച്ച് വാർഡിലെ ഇടവഴികൾ ഇന്റർലോക്കിംഗ് ചെയ്യുന്നത് | 33.50 ലക്ഷം | കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ